# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 93      28.01.2019- ൽ മറുപടിയ്ക്ക്

## മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ പ്രവാസി പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നോർക്കയുടെ നേതൃത്വത്തിൽ പ്രവാസി പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | പ്രവാസി മലയാളികൾക്ക വേണ്ടി ഹെറിറ്റേജ്ഹോം പ്രോജക്ടിനായി റവന്യൂവകുപ്പ് ഭൂമികൈമാറ്റ വ്യവസ്ഥയനുസരിച്ച് ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ 1/1, 1/8, 1/9, 1/10, 1/11 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 02.01.03 ഹെക്ടർ Bought in land -ന്റെ ഉടമസ്ഥാവകാശം 18.08.2005-ലെ സ.ഉ.(കൈ) നം. 256/05/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം നോർക്ക വകുപ്പിന് കൈമാറിയിരുന്നു. എന്നാൽ ഉടമസ്ഥാവകാശം നോർക്ക വകുപ്പിന് നൽകി വില്ലേജ് രേഖകളിൽ നാളിതുവരെ മാറ്റം വരുത്തിയിട്ടില്ല.<br>ഈ സ്ഥലത്ത് മുമ്പ് പ്രവർത്തിച്ചിരുന്ന കേരള ക്ലോറൈറ്റ് ആന്റ് കെമിക്കൽസ് എന്ന് സ്ഥാപനവുമായി ബന്ധപ്പെട്ട് സെയിൽസ് ടാക്സ്, കറന്റ് ചാർജ്ജ്, തൊഴിലാളിക്ഷേമ നിധി വിഹിതം, ടെലിഫോൺ ചാർജ്ജ്, കെട്ടിട നികുതി എന്നിവയിൽ ഭീമമായ കുടിശ്ശിക നിലവിലുണ്ട്. ഭൂമി ഏറ്റെടുത്ത ദിവസം ടി സ്ഥാപനത്തിലെ ജംഗമങ്ങൾ ലേലം ചെയ്ത ഇനത്തിൽ ലഭിച്ച 1,08,028/- രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. ആയതിലെ ബാക്കിതുകയും പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിട നികുതി ഉൾപ്പെടെയുള്ള തുകകളും ചേർന്ന് 1,60,23,199/- രൂപയിലധികം ബാധ്യത ഉണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത തുക അടച്ച് തീർക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളില്ലാത്തതിനാൽ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| ബി) | പ്രസ്തുത ആവശ്യത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്നും അവിടെ നോർക്കയുടെ കെട്ടിട നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചു എന്നും വിശദമാക്കാമോ? | ബി) | മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിലെ സർവ്വേ നം. 1/1, 1/8, 1/9, 1/10, 1/11-ൽ ഉൾപ്പെട്ട 5 ഏക്കർ സ്ഥലമാണ് പ്രസ്തുത ആവശ്യത്തിനായി ഏറ്റെടുത്തിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷത്തിൽ ടി സ്ഥലത്ത് പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ